ചെമ്പാററൂർ ക്ഷേത്രത്തിൽ കീഴ്ശാന്തിയും ഐരാപ്പുറം ചിററിലഞ്ചേരം ഈ ക്ഷേത്രങ്ങളിൽ ശാന്തിയും ആയിരുന്ന സുബ്രഹ്മണ്യൻ എംബ്രാൻ മരിച്ചുപോയിരിക്കുന്നതുകൊണ്ടു ആ എമ്പ്രാനു ശമ്പളം വകയിൽ ചെല്ലുവാനുള്ള പണം അവകാശിയായ ചെമ്പാററൂർ കരയിൽ ആലക്കാട്ടു മഠത്തിൽ താമസിക്കുന്ന ശങ്കരനാരായണൻ എംബ്രാനു കൊടുപ്പിക്കണമെന്നു ബോധിപ്പിക്കയും അവകാശിയാണെന്നു തെളിവു കൊടുക്കയും ചെയ്തിരിക്കുന്നു ഇതിലേക്കു വേറെ അവകാശികളൊ തക്കക്കാരൊ ഉണ്ടായിരുന്നാൽ ഈ പരസ്യം ഗസെററിൽ കാണുന്ന തീയതി മുതൽ ൩൦ ദിവസത്തിനകം ഹാജരായി ബോധിപ്പിച്ചുകൊള്ളണം. അവധി കഴിഞ്ഞു ബോധിപ്പിക്കുന്ന അപേക്ഷയെ ഗൗനിക്കുന്നതല്ല.

൧൦൮൩ കന്നി ൨൭-നു

തഹശീൽദാർ കെ ശങ്കരനാരായണയ്യൻ.

Private Advertisement.

പരസ്യം.

മൂവാററുപുഴ മുൻസിപ്പ കോട്ടിൽ ൧൦൮൩-ൽ നമ്പർ ൩൨൩.

വാദികൾ.

മണക്കാട്ട പ്രവൃത്തിയിൽ നെടിയാല മുറിയിൽ നെടിയാല റോമൻകത്തോലിക്ക പള്ളിയിൽ കയ്യാറർ ൧. ടി പ്രവൃത്തിയിൽ കീപ്പുറപ്പുഴ കരയിൽ പൈററാട്ടിൽ പുത്തൻപുരയിൽ ചാക്കൊ തൊമ്മൻ ൨. ടി പള്ളിയിൽ കയ്യാറൻ കുത്താട്ടുകളം പ്രവൃത്തിയിൽ മാറിയ കരയിൽ ചെല്ലാപ്പുഴ ചാണ്ടി വക്കി.

പ്രതികൾ.

൧. മണക്കാട്ട പ്രവൃത്തിയിൽ വെള്ളല്ലൂർ മുറിയിൽ കണ്ടത്തിൽ ദേവസ്യാ മാത്തു ൨. ടിയിൽ ദേവസ്യ ഉലഹന്നാൻ ൩. ടിയിൽ ദേവസ്യ വക്കി ൪. ടിയിൽ ദേവസ്യ ദേവസ്യ ൫. ടിയിൽ ദേവസ്യ പൈലി ൬. ടിയിൽ ദേവസ്യ ചെറിയ.

മേൽ നമ്പരിൽ വാദികൾ ടി നെടിയാല പള്ളിയിൽ കയ്യാറരും ഈ വ്യവഹാരം മേല്പടി പള്ളിക്ക വേണ്ടി വാദികളാൽ കൊണ്ടുവരപ്പെട്ടിട്ടുള്ളതാകുന്നു ടി പള്ളി ഇടവകക്കാറരായി ഉദ്ദേശം ൪൦൦ പേരുള്ളതിനാൽ അവർ എല്ലാവരേയും ഈ കേസ്സിൽ കക്ഷികളായി ചേപ്പാൻ പ്രയാസമുള്ളതാകയാൽ ഇപ്പോഴത്തെ കയ്യാറന്മാരെ കക്ഷി ചേത്തു വ്യവഹാരം നടത്തുന്നതിൽ ആക്കെങ്കിലും ആക്ഷേപമുണ്ടെങ്കിൽ ൧൦ മാസം ൨൭-ന പകൽ ൧൧ മണിക്ക ഈ കോട്ടിൽ ഹാജരായി ബോധിപ്പിച്ചു കൊള്ളുകയും വേണം.

൧൦൮൩ മാണ്ട കന്നിമാസം ൨൩-

ഉത്തരവുംപ്രകാരം,
ഹെഡ്ക്ലക്ക കൃഷ്ണപിള്ള.

കോട്ടയം മുൻസിപ്പ കോട്ടിൽ ൧൦൮൩ സ്മാരം നമ്പർ ൧൨.

വാദി.

വിജയപുരം പ്രവൃത്തിയിൽ അയക്കുന്നംകരയിൽ വാഴക്കൽ വീട്ടിൽ ഗോവിന്ദൻ നാരായണൻ. വക്കീൽ തോമ്മസ്സ മത്തായി.

പ്രതികൾ.

൧. അയക്കുന്നം പ്രവൃത്തിയിൽ പുതുപ്പള്ളിഭാഗം കരയിൽ റോമൻ ക്രിസ്ത്യാനികളുടെ വക പല്ലാട്ടുപള്ളിയിൽ വികാരി തറപ്പേൽ മാണി കത്തനാർ.

൨. ടി പള്ളിയിൽ കൈക്കാരൻ ടി പ്രവൃത്തിയിൽ ആനിക്കാട്ട കരയിൽ പാഴ പറമ്പിൽ ഇട്ടിയവിരാ തൊമ്മൻ.

൩. ടി പള്ളിയിൽ കൈക്കാരൻ ടി പ്രവൃത്തിയിൽ ആനിക്കാട്ട കരയിൽ കണ്ണനാപാറത്താഴത്തു മാത്തൻ തൊമ്മൻ.

സിവിൽ നിയമം ൩൩ ാം വകുപ്പിൻപ്രകാരം ബോധിപ്പിക്കുന്ന പരസ്യം.

ടി പള്ളിവകയും പള്ളിയോട ചേന്നതുമായ പള്ളിക്കൂടത്തിൽ വാദി ൨ ാം വാദ്ധ്യാരായി ൧൦൭൮ ധനു ൧൬- മുതൽ ൭൮ കക്കടകം ൧൬- വരെ മാസം ൧ ൩ ൭ ബ്രിട്ടീഷ രൂപാ വീതം ശമ്പളം കൊടുപ്പാൻ ടി പള്ളിയിൽ ൧ ാം പ്രതിയുടെ മുൻഗാമിയായിരുന്ന പടാന മത്തായി കത്തനാർ നിശ്ചയിച്ചും സമ്മതിച്ചും വാദി വാദ്ധ്യാർവേല നോക്കിയതിൽ ൭൮ മിനം മുതൽ കക്കടകം ൧൬- വരെയുള്ള ശമ്പളത്തിൽ വന്നതും ഉപേക്ഷിച്ചതും നീക്കി ൩൦൦ പണം ടി ചെലവു പലിശ ചിലവുകൾ സഹിതം പ്രതികളുടെ ഭരണത്തിൽ ഇരിക്കുന്ന ടി പള്ളിവക സ്വത്തുക്കളിൽ നിന്നും ഈടാക്കി കൊടുപ്പിക്കണമെന്ന വാദി വ്യവഹാരപ്പെട്ട ൮൩ തുലാം ൨൩-ക്ക വിചാരണ വച്ചിരിക്കുന്നതിനാൽ ഈ പ്രതികൾ ടി പള്ളിയുടെ പ്രതിനിധികളായി വ്യവഹാരം നടത്തുന്നതിന ടി പള്ളിയിൽ ഉൾപ്പെട്ട ജനങ്ങളിൽ ആക്കെങ്കിലും വല്ല ആക്ഷേപവും ഉണ്ടെങ്കിൽ ൮൩ തുലാം ൨൩-ന പകൽ ൧൧ മണിക്ക കക്ഷികൾ നേരിട്ടോ വക്കീൽ മുഖാന്തരമൊ ഹാജരായി ബോധിപ്പിച്ചുകൊള്ളേണ്ടതാകുന്നു. അന്നേദിവസം യാതൊരു ആക്ഷേപവും ബോധിപ്പിക്കാത്തപക്ഷം പ്രതികൾ ടി പള്ളിയുടെ പ്രതിനിധികളായി വ്യവഹാരം നടത്തുന്നതു ടി പള്ളി ഇടവകക്കാറരായ സകല ജനങ്ങൾക്കും പൂണ്ണസമ്മതമാണെന്നു ഗണിക്കപ്പെടുന്നതാകുന്നു.

൧൦൮൩ മാണ്ട കന്നിമാസം ൩-

ഉത്തരവും പ്രകാരം
ആ: ഹെഡ്ഗുമസ്താ പി. വി. വറുഗീസ.

പരസ്യം.

സിവിൽ നിയമം ൬൩-ാം വകുപ്പ്.

കൊല്ലം പ്രിൻസിപ്പാൾ മുൻസിപ്പു കോട്ടിൽ ൧൧൦ ൽ സി നമ്പർ,

വാദി.

പരവൂര തെക്കുംഭാഗത്തു ചെരിയിൽ അമ്പലംനിന്ന പുരയിടത്തിൽ ൩൫ വയസ്സുള്ള ഉമ്മച്ചി കൊച്ചാത്തുമ്മാ എന്നു വിളിച്ചുവരുന്ന റാബിയക്കർ അയിറൊസ്സ സയ്യിദ്ബത്ത് അയിറൊസ്സ തങ്ങൾ.

വക്കീൽ മുത്തുസ്വാമിഅയ്യൻ

പ്രതി.

പരവൂര തെക്കുംഭാഗത്തു ചേരിയിൽ പള്ളിയഴിയം പുത്തൻ വീട്ടിൽ അബ്ദുൽ കാതിരു അബ്ദുൽ റഹിമു.

വക്കീൽ വെങ്കടെശശാസ്ത്രി.

കൊല്ലം പരവൂർ പുത്തൻപള്ളി സംബന്ധപ്പെട്ട ജനങ്ങളെ തെര്യപ്പെടുത്തുന്നതു.

വാദിയുടെ ജാതിക്കാരുടെ ഉപയോഗത്തിനായി ഏല്പെട്ടുത്തിട്ടുള്ള പരവൂര പുത്തൻപള്ളി ഉൾപ്പടെയുള്ള ൨൮ പള്ളികൾക്കും കാതിസ്ഥാനം മുതലായ സ്ഥാനങ്ങളുള്ള കൊല്ലത്തു വല്യ വീട്ടുകാരും മററ ജനങ്ങളുടെ അപേക്ഷപ്രകാരം വാദിയെ ടി പുത്തൻ പള്ളിയിൽ ൧൦൯൭ ാമാണ്ടു തുലാമാസത്തിൽ കത്തിറായി നിയമിച്ചു നടന്നുവരുന്നതിനാൽ ആ സ്ഥാനത്തെ സ്ഥാപിച്ചു കൊടുപ്പിക്കണമെന്നും മററും പ്രതിയുടെ പേരിൽ വാദി കൊണ്ടുവന്നിരിക്കുന്ന ഒരു വ്യവഹാരത്തിൽ കക്ഷി ചേരാൻ മനസ്സുള്ള ആളുകൾ ഒരു തുലാം ൨൩-ാം പകൽ ൧൧ മണിക്കു ഹാജരായി കക്ഷി ചേർന്നുകൊള്ളുകയും വേണം.

൧൦൯൭ ാമാണ്ടു തുലാം ൪-

ഉത്തരവും പ്രകാരം
ഹെഡ് ഗുമസ്താ ജനാർദ്ദനയ്യൻ.

പരസ്യം.

കൊട്ടാരക്കര മുൻസിപ്പുകോർട്ടിൽ

൧൦൯൭ ാമാണ്ടു സിവിൽ നമ്പർ ൹൯൮

വാദി.

അഞ്ചൽ പ്രവൃത്തിയിൽ പൊടിയാട്ടു വിളമുറിയിൽ കല്ലുമൂട്ടിൽ പടിഞ്ഞാറേതിൽ അയ്യപ്പൻ കൃഷ്ണൻ.

പ്രതികൾ.

൧ തഞ്ചാവൂർ ജില്ലാ മായവരം താലൂക്കാ പുറയനാർ ഇരിക്കും വെ തവശിമുത്തു നാഡാർ രത്നസ്വാമി നാഡാർ മുതൽപേർ ൯.

മേഡോവർകാരൻ

വിളക്കുടി പ്രവൃത്തിയിൽ വെഞ്ചേമ്പു മുറിയിൽ വയലിറക്കത്തു പുരയിടത്തിൽ കൊച്ചുകുഞ്ഞു കൃഷ്ണൻ.

൨ാം പ്രതി വിളക്കുടി പ്രവൃത്തിയിൽ പുനരു മുറിയിൽ പുത്തൻമഠത്തിൽ താമസിക്കുന്ന രാമയ്യൻ കൈലാസമയ്യനെ തെര്യപ്പെടുത്തുന്നതു.

ടി നമ്പരിൽ മേഡോവർ സ്വീകരിക്കണമെന്നു മേഡോർകാരൻ അപേക്ഷിച്ചിരിക്കുന്നതിനാൽ അതിനെപ്പററി വല്ല ആക്ഷേപവും ബോധിപ്പിക്കാനുണ്ടെങ്കിൽ ഈ വരുന്ന തുലാമാസം ൨൮-ാം പകൽ ൧൧ മണിക്കു കക്ഷിയൊ വക്കീലൊ ഒരു കോട്ടു മുമ്പാകെ ഹാജരായി ബോധിപ്പിക്കേണ്ടതാകുന്നു. അങ്ങനെ ചെയ്യാത്തപക്ഷം കക്ഷിയെ കൂടാതെ വിചാരണ നടത്തി തീർച്ചപ്പെടുത്തുന്നതാകുന്നു.

൧൦൯൭ ാമാണ്ടു തുലാമാസം ൭-

ഉത്തരവിൻ പ്രകാരം
ഹെ: ഗുമസ്താ സുബ്രഹ്മണ്യമുതലിയാർ.

പരസ്യം

കൊല്ലം അഡിഷണാൽ മൻസിപ്പ കോട്ടിൽ ൧൦൮൩-ാമാണ്ടു സ്യൂട്ട് നമ്പർ ൩൦൭.

വാദി

ചവറ പ്രവൃത്തിയിൽ കളങ്ങര ഭാഗം മുറിയിൽ കരിലഴിയത്തു റൊഡ്രിസ് ജേക്കൊബ്ബ്

പ്രതി

തേവലക്കര പ്രവൃത്തിയിൽ പുത്തൻതംകൈതം മുറിയിൽ വെളിയിൽ മീരാൻകുഞ്ഞു മഹമ്മതുകുഞ്ഞു

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു പ്രതിക്കു ഈ കോട്ടിൽ നിന്നും പല പ്രാവശ്യം സമൻ അയച്ചതിൽ സമൻസു കൈപ്പററാതെ ഒളിവായി മറഞ്ഞു നടക്കുന്നതായി വാദിവക്കീൽ ഹജി ബോധിപ്പിച്ചിരിക്കുന്നു. ഈ നമ്പർ ഈ മാസം ൨൮-ാം വിചാരണക്കു വച്ചിരിക്കുന്നതിനാൽ അന്നേ ദിവസം തെളിവോടു കൂടി ഹാജരാകേണ്ടതാകുന്നു. ഹാജരാകാത്തപക്ഷം പ്രതിയെ കൂടാതെ കേസു വിസ്തരിച്ചു തീർച്ച ചെയ്യുന്നതാകുന്നു. ൧൦൮൩-ാമാണ്ടു തുലാമാസം ൭-ാം

ഉത്തരവിൻ പ്രകാരം

ഹെഡ് ഗുമസ്താ കെ. വി. ശെഞ്ചിയത്ത.

No. 60. 24th September 1907.

NOTICE.

Whereas it is known that Aswathinal Ramavarma, an Ananthiravan of ours, is doing acts under pretence of our name and estate, but in reality without even our sanction or order, and against interest of our estate; Notice is hereby given for the information of the public that no act of the said Ramavarma is binding on us or our estate.

POONJAR VALIA RAJA.

നമ്പർ ൬൦

പൂഞ്ഞാററിൽ കോയിക്കൽ നിന്നും ചെയ്യുന്ന പരസ്യം

അശ്വതിനാൾ രാമവർമ്മൻ എന്നു പേരായ നമ്മുടെ അനന്തിരവൻ നമ്മുടെ അനുജ്ഞയുള്ള ഭാവേന നമ്മുടെ ആലോചനയും അനുവാദവും കൂടാതെയും ബോധിച്ചതുപോലെയും നമുക്കും നമ്മുടെ സ്ഥാനത്തേക്കും വിരോധമായ ഓരോ പ്രവൃത്തികൾ ചെയ്തു വരുന്നതുകൊണ്ടു ആ പ്രവൃത്തികൾ നമുക്കോ നമ്മുടെ സ്ഥാനത്തിനോ ബന്ധപ്പെട്ടതല്ലെന്നുള്ള വിവരം ജനങ്ങൾ അറിയുന്നതിനു വേണ്ടി പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു

൧൦൮൩-ാമാണ്ടു കന്നിമാസം ൮-ാം

പൂഞ്ഞാററിൽ വലിയതമ്പുരാൻ, (ഒപ്പ്)

നമ്പർ ൬൧.

പൂഞ്ഞാററിൽ കോയിക്കൽ വലിയതമ്പുരാൻ

ചെയ്യുന്ന പരസ്യം

നമ്മുടെ ഇടവക തെക്കേക്കര, വടക്കേക്കര, രണ്ടു വിചാരിപ്പുകളായി, തിരിച്ചു ആ സ്ഥലങ്ങളിൽ ഓരോ വിചാരിപ്പുകാരന്മാരെയും, നിയമിച്ചു നടത്തി വരുന്നതിനെ ഭേദപ്പെടുത്തി തെക്കേക്കര, വടക്കേക്കര, രണ്ടു "അംശ"ങ്ങളായും അതിലേക്കു പ്രധാന ഉദ്യോഗസ്ഥന്മാരെ "അംശാധികാരികൾ" ആയും സ്ഥിരപ്പെടുത്തി ഇയ്യാണ്ടു തുലാമാസം ൧-ാം മുതൽ നടപ്പാക്കിയിരിക്കുന്നു.

(ഒപ്പ്)

൧൦൮൩-ാമാണ്ടു തുലാമാസം ൧-ാം



തോടുകളും സർക്കാർ കടവുകളും വക ബില്ലിന്മേൽ പ്രത്യേക കമ്മിട്ടിയുടെ റിപ്പോർട്ടും പ്രത്യേകകമ്മിട്ടി ഭേദപ്പെടുത്തിയ പ്രകാരം ഉള്ള ബില്ലും, സകല ജനങ്ങളും അറിയുന്നതിനായി പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു.

തിരുവിതാംകോട്ട തോടുകളും സർക്കാർ കടവുകളും സ്ഥാപിക്കുന്നതിനും അവയെപ്പററിയുള്ള കാര്യങ്ങൾ നടത്തുന്നതിനും വ്യവസ്ഥ ചെയ്യാനുള്ള ബില്ലിന്മേൽ പ്രത്യേക കമ്മിട്ടിയുടെ റിപ്പോർട്ട്.

തിരുവിതാംകോട്ട തോടുകളും സർക്കാർ കടവുകളും വക ബിൽ പര്യാലോചനയ്ക്കായി ഏല്പിക്കപ്പെട്ട പ്രത്യേക കമ്മിട്ടിയിലെ മെംബർമാരായ ഞങ്ങൾ, ബില്ലിനെപ്പററി പര്യാലോചിച്ചു, ഞങ്ങളുടെ ഈ റിപ്പോർട്ടിനെ സമർപ്പിക്കുന്നു.

൧. കൊച്ചിയിലെ [illegible] കടവുകളും പുഴകളും വക റെഗുലേഷൻ.

൨. എക്സൈസ് കമ്മീഷണർ ൧൦൮൨ [illegible]ലെ ക്ലാ-T. [illegible]-ാം നമ്പരിൽ എഴുതിയ ലെട്ടർ.

൩. ഫീനാൻസ്യൽ സെക്രട്ടറി ൧൦൮൨-[illegible] ഫീനാൻസ്യൽ ൨൩൦൦-ാം നമ്പരിൽ എഴുതിയ ലെട്ടർ.

മാർജിനിൽ കുറിക്കപ്പെട്ടവയും ഞങ്ങൾക്ക അയച്ചു തരപ്പെട്ടവയും ആയ ലേഖനങ്ങളെ എല്ലാം ഞങ്ങൾ ശ്രദ്ധാപൂർവം വായിക്കയും പര്യാലോചിക്കയും ചെയ്തു. മിസ്റ്റർ പി. വി. കൃഷ്ണസ്വാമിചെട്ടിയാരുടെ ലേഖനം പ്രധാനമായി തോട്ടുകര മുതലായവയുടെ രക്ഷയെ പ്രതിപാദിക്കുന്നു. ഇതു ഗവർന്മെണ്ടും എഞ്ജിനീർ ഡിപ്പാർട്ടുമെണ്ടും പര്യാലോചിക്കേണ്ടതായ വിഷയം ആകുന്നു. ഇതിനെപ്പററി ഈ റെഗുലേഷനിൽ വ്യവസ്ഥ ചെയ്യണം എന്നു ഞങ്ങൾ വിചാരിക്കുന്നില്ല. അതിലെ രണ്ടാമത്തെ സംഗതി പിരിവു മുതലായവയെ ജെനറൽ റെവന്യൂവിൽ ചേർത്തു വരവു വെക്കണം എന്നാകുന്നു. വേറെ വിധത്തിൽ പ്രത്യേകം വ്യവസ്ഥ ചെയ്തിരുന്നാൽ അല്ലാതെ, മററു പിരിവുകളെപ്പോലെ ഈ ഇനത്തിലുള്ള വരവുകളും ജെനറൽ റെവന്യൂവിൽ ചേരുന്നതാകുന്നു. ഈ സംഗതിയെ ഈ ബില്ലിൽ പ്രസ്താവിക്കേണ്ട ആവശ്യകത ഇല്ല.

എക്സൈസ് കമ്മീഷണരുടെ ലെട്ടരിലും ഉള്ളടക്കങ്ങളിലും അടങ്ങിയ അഭിപ്രായങ്ങൾ [illegible] വകുപ്പു [illegible] ഖണ്ഡത്തിൽ പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്.

വകുപ്പു-൭. ഈ വകുപ്പിൽ [illegible] ലൈസൻസ് ([illegible]) [illegible] എന്നതിനു പകരം [illegible] എന്നു ഞങ്ങൾ [illegible]. [illegible] ലൈസൻസ് [illegible] ഇല്ലെന്നാകുന്നു [illegible] അഭിപ്രായം. ലൈസൻസ് എന്നു [illegible] ഞങ്ങൾ വിചാരിക്കുന്നു. ഈ സംസ്ഥാനത്തിലെ [illegible] അധികം പ്രധാനം [illegible] പറയാവുന്നതാകുന്നു. [illegible] പ്രധാനം [illegible] ഇല്ല. [illegible] സ്വാഭാവിക[illegible] ആകുന്നു. ഗവർന്മെണ്ട് [illegible] ഉണ്ടാക്കപ്പെട്ടിട്ടുള്ള [illegible] എണ്ണത്തിൽ [illegible]. [illegible] ഉണ്ടാക്കപ്പെട്ടിട്ടുള്ള [illegible]

[illegible] വിവരത്തിൽ [illegible] ചിലവിനെപ്പറ്റി [illegible] ഈ ചിലവുകളെ [illegible] ഫീസ് [illegible] വാടകയ്ക്കു [illegible] ഇതിനെ [illegible] കമ്മിറ്റിക്ക [illegible] ഇല്ല.

വകുപ്പ ൭. (ഡി) ഖണ്ഡത്തിൽ "ചെയ്യുന്നതിനും അവയ്ക്കു ലൈസൻസ് വാങ്ങിക്കുന്നതിനും" എന്നതിനെ "ചെയ്യുന്നതിനു" എന്നു മാത്രം ആക്കുകയും (ബി) ഖണ്ഡം മുഴുവനും വിടുകയും ചെയ്യണം. ഇതിലേക്കു കാരണങ്ങൾ ൧൨-ം വകുപ്പിൽ പ്രസ്താവിച്ചവ തന്നെ. ൭-ം വകുപ്പിലെ (സി) ഖണ്ഡത്തെ (ബി) ഖണ്ഡം ആയി വായിക്കണം. ഈ ഖണ്ഡത്തിൽ "കൊണ്ടുപോകുന്ന ഉപയോഗിക്കുന്ന ഉരുക്കളുടെയും അതിൽ കയറ്റിക്കൊണ്ടുപോയതോ കൊണ്ടുപോകുന്നതോ ആയ ചരക്കുകളുടേയും യാത്രക്കാരുടേയും" എന്നതിനെ "ഉരുക്കളുടെയോ ചരക്കുകളുടെയോ" എന്നാക്കണം. ഈ ഖണ്ഡത്തിലെ മൂന്നാം വരിയിൽ "ഉരുക്കളും" എന്നുള്ളതിനെ വിടുകയും വേണം. സർക്കാർ വക കടത്തു സ്ഥലങ്ങളുടെ ഉപയോഗത്തിനായി യാതൊരു ഫീസും ചുമത്തരുതെന്നാകുന്നു കമ്മിറ്റിയുടെ അഭിപ്രായം.

(സി) ഖണ്ഡത്തിലെ രണ്ടാം പാറാവിലെ ഒന്നാം വരിയിൽ '(ബി) (സി) ഖണ്ഡങ്ങൾ പ്രകാരം ഉള്ള ചുങ്കങ്ങളുടേയും ഫീസിന്റെയും' എന്നതിനെ "ബി ഖണ്ഡംപ്രകാരം ഉള്ള ഫീസിന്റെ" എന്നാക്കുകയും, മൂന്നാം വരിയിൽ 'ചുങ്കങ്ങളും ഫീസും' എന്നതിനെ "ഫീസ്" എന്നാക്കുകയും ചെയ്യണം.

വകുപ്പ ൯. ൮-ം വകുപ്പിനെപ്പറ്റി പറഞ്ഞിരിക്കുന്ന കാരണങ്ങൾക്കായി ഈ വകുപ്പിൽ (i) എന്ന ഖണ്ഡത്തെ വിടണം. (ii)-ം ഖണ്ഡത്തെ (i)-ം ഖണ്ഡം ആയി വായിക്കയും, ഈ ഖണ്ഡത്തിന്റെ രണ്ടാം വരിയിൽ "ചിലവിനെ" എന്നതു കഴിഞ്ഞു "അടയ്ക്കാതിരുന്നാൽ ആ ഉരുവിനെ ലേലത്തിൽ വില്ക്കുന്നതാണെന്നു പരസ്യംആയി ക്ലിപ്തദിവസത്തേ അറിയിപ്പു കൊടുത്തതിന്റെ ശേഷം, പരസ്യം ആയി ലേലത്തിൽ" എന്നു ചേർക്കയും അടുത്ത വരിയിൽ ആദ്യം 'ആ ഉരുവിനെ വിററ്' എന്നുള്ളതിനെ "വിററു ആ ചിലവിനെ" എന്നാക്കുകയും ചെയ്യണം. ഉരുക്കളുടെ ഉടമസ്ഥന്മാരുടെ ഉണ്ണാവകാശത്തെ പാലിക്കുന്നതിലേക്കാകുന്നു ഈ കൂട്ടൽ [illegible]; ഇതു ൧൧-ം വകുപ്പിൽ പ്രതിപാദിതമായ വ്യവസ്ഥയുടെ സ്വീകരണം മാത്രം ആകുന്നു.

iii, iv, v ഈ ഖണ്ഡങ്ങൾക്ക ii, iii, iv എന്നിങ്ങനെ നമ്പർ ഇടണം. മുൻപറഞ്ഞ ഭേദഗതികളാൽ v-ം ഖണ്ഡത്തിലെ രണ്ടാം വരിയിൽ 'അനുവാദപത്രത്തിലേയൊ റെജിസ്റ്ററിലേയോ' എന്നതിനെ "റെജിസ്റ്ററിലേ" എന്നാക്കണം. ഈ ഖണ്ഡത്തിൽ നാലാം വരിയിൽ 'വലയ്ക്കു' എന്നതിനെ 'വലയും' എന്നാക്കി അതു മുതൽ ആറാം വരിയിൽ 'അതിനെ' എന്നതു വരെയുള്ള പദങ്ങളെ വിടുകയും ചെയ്യണം. വള്ളം ഉടമസ്ഥന്മാർക്കും യാത്രക്കാർക്കും അനാവശ്യമായ സങ്കടവും ബുദ്ധിമുട്ടും ഉണ്ടാകും എന്നു ശങ്കിച്ചാകുന്നു ഇതിനെ വിട്ടിരിക്കുന്നതു.

വകുപ്പ ൧൦. ഇതിൽ ഒന്നാമത്തെ ഭേദഗതി ഇംഗ്ലീഷിലെ വാക്പ്രയോഗത്തെ മാത്രം സംബന്ധിക്കുന്നതാകുന്നു. പിന്നെ ൮-ം വരിയിൽ 'ആ വക' എന്നതിനു മുൻപിൽ "എന്നാൽ പാഠശാലകളിൽ പോകയോ അവിടെ നിന്നു തിരികെ വരികയോ ചെയ്യുന്ന വാധ്യാർമാരോ വിദ്യാർത്ഥികളോ ആയവരുടെയൊ, സർക്കാർ ജോലിക്കായി യാത്ര ചെയ്യുന്ന സർക്കാർ ജീവനക്കാർ അവരുടേയോ യാത്രയ്ക്ക ചുങ്കങ്ങൾ ചുമത്തിക്കൂടാ" എന്നൊരു വാക്യം ചേർക്കണം. വിദ്യാഭ്യാസത്തിന്റേയും സർക്കാർ ജോലിയുടേയും ഗുണപാലനത്തിന്നായി ഇവരെ ഒഴിവാക്കപ്പെടുത്തേണം എന്നു കമ്മിററി വിചാരിക്കുന്നു.

വകുപ്പ ൧൧. ഇതിൽ ൧-ാം വരിയിൽ 'ചുങ്കവും' എന്നതിനു പകരം "ചുങ്കമൊ" എന്നും ൨-ാം വരിയിൽ 'ഫീസും' എന്നതിനുപകരം "ഫീസൊ" എന്നും ചേർക്കയും, ൮, ൯, ൧൧ ഈ വകുപ്പുകളിൽ 'പിഴയൊ' എന്നതിനെ വിടുകയും ചെയ്യണം. ൯-ം വകുപ്പിലെ ൧-ാം ഖണ്ഡത്തെയും, ടി വകുപ്പിലെ ൮-ം ഖണ്ഡത്തിൽ പ്രസ്താവിച്ചിരുന്ന പിഴയേയും വിട്ടിരിക്കുന്നതുകൊണ്ടു ഈ വാക്കിനെ വിട്ടിരിക്കുന്നു.

വകുപ്പു ൧൨. റെഗുലേഷനിൽ തോട്ടുവക പാട്ടത്തിന്റെ സംഗതിയിൽ യാതൊരു വ്യവസ്ഥയും ഇല്ലാത്തതിനാൽ, 'തോട്ടുവകയും കടവുവകയും ആയ' എന്നതിനെ 'കടവുവക ആയ' എന്നാക്കണം.

വകുപ്പു ൧൩. റെഗുലേഷനിൽ യാത്രക്കു യാതൊരു ലൈസൻസിനും വ്യവസ്ഥ ഇല്ലാത്തതിനാൽ, ൫-ാം വരിയിൽ 'ഒരു യാത്രകാലമോ' എന്നതിനെ വിടുകയും 'യാത്രാകാലത്തേക്കോ' എന്നതിനെ 'യാത്രകാലത്തേക്കു' എന്നു ആക്കുകയും ചെയ്യണം.

വകുപ്പു ൧൪. ൯-ാം വകുപ്പിൽ ൨-ാം പാരാവിൽ രണ്ടാം വരിയിൽ 'അനുവാദപത്രം' എന്നതിനു മുമ്പിൽ "രെജിസ്റ്റർ ചെയ്തതോ" എന്നു ചേർക്കയും, ഉള്ള എന്നതിനെ "ഉള്ളതോ ആയ" എന്നാക്കുകയും ചെയ്യണം. രെജിസ്റ്റർ ചെയ്ത ഉരുക്കളേയും ഉൾപ്പെടുത്തുന്നതിനാകുന്നു ഇതിനെ ഇങ്ങനെ ഭേദപ്പെടുത്തിയിരിക്കുന്നതു.

വകുപ്പു ൧൫. ൯-ാം വകുപ്പു മുഴുവൻ വിട്ടു താഴെ എഴുതുന്നതിനെ ആ സ്ഥാനത്തു ചേർക്കണം. "൯. ൟ റെഗുലേഷനിൽ ൩-ാം വകുപ്പിനു വിരുദ്ധം ആയി ഒരു തോട്ടിൽകൂടി ഉരു കൊണ്ടുപോകുന്ന യാതൊരു ആളും, ഒരു ക്രിമിനാൽ കോർട്ടുമുമ്പാകെ, കുറ്റസ്ഥാപനം ആയാൽ, ൫൦ രൂപാക്കു കവിയാത്ത പിഴ വിധിക്കപ്പെടുന്നതിനു പാത്രം ആകും. ൟ റെഗുലേഷനിൽ ൨-മത്തെ വകുപ്പിനു വിരുദ്ധമായി ഒരു കടവു സ്ഥാപിക്കയൊ നടത്തുകയൊ ചെയ്യുന്ന യാതൊരു ആളും, ഒരു ക്രിമിനാൽ കോർട്ടുമുമ്പാകെ, കുറ്റം സ്ഥാപനം ആയാൽ അഞ്ഞൂറു രൂപായ്ക്കു കവിയാത്ത പിഴ വിധിക്കപ്പെടുന്നതിനു പാത്രം ആകയും ചെയ്യും". ൨-ാം വകുപ്പു പ്രകാരം ഒരു കടവു സ്ഥാപിക്കുന്നതിനെക്കാൾ, ൩-ാം വകുപ്പിനു വിരുദ്ധം ആയി ഒരു തോട്ടിൽകൂടി ഉരു കൊണ്ടുപോകുന്നതു വളരെ ലഘുവായ ഒരു കുറ്റം ആകയാൽ, ഇതിലേക്കുള്ള പിഴ ശിക്ഷ ൫൦ രൂപായിൽ കവിയരുതെന്നു നിയന്ത്രണം ചെയ്തിരിക്കുന്നു. മേല്പറഞ്ഞ കാരണത്തിന്മേൽ, ൟ കുറ്റങ്ങൾക്കു നിശ്ചയിക്കാവുന്ന പിഴകൾ തമ്മിൽ വ്യത്യാസം വരുത്തിയിരിക്കുന്നു.

ഞങ്ങൾ ഭേദപ്പെടുത്തിയ പ്രകാരം ഉള്ള ബില്ലിന്റെ ഒരു പ്രതി ഇതിനോടുകൂടി ചേർത്തിരിക്കുന്നു.

എസ്. പത്മനാഭയ്യർ.
ഇ. ജേക്കബ് ജോൺ.
എം. ഉദയവർമ്മരാജാ.
ആർ. അനന്തരായർ.

തിരുവിതാംകോട്ട സംസ്ഥാനത്തിൽ തോട്ടുകളും സൎക്കാർ കടവുകളും സ്ഥാപിക്കുന്നതിനും താല്പൎയ്യപ്പെട്ട കാൎയ്യങ്ങൾ നടത്തുന്നതിനും വ്യവസ്ഥ ചെയ്വാൻ ഉള്ള ഒരു റെഗുലേഷൻ.

(പ്രത്യേക കമ്മിററി ഭേദപ്പെടുത്തിയത്)

തിരുവിതാംകോട്ട സംസ്ഥാനത്തിൽ തോട്ടുകളും സൎക്കാർ കടവുകളും സ്ഥാപിക്കുന്നതിനും താല്പൎയ്യപ്പെട്ട കാൎയ്യങ്ങൾ നടത്തുന്നതിനും വ്യവസ്ഥ ചെയ്യേണ്ടതു യുക്തം ആയിരിക്കയാൽ, ഇതിനാൽ നിയമപ്പെടുത്തുന്നതു എന്തെന്നാൽ:—

൧. ഈ റെഗുലേഷൻ "൧൦൭൦-ാം ആണ്ടത്തെ തിരുവിതാംകോട്ട തോട്ടുകളും സൎക്കാർ കടവുകളും വക റെഗുലേഷൻ" എന്നു വിളിക്കപ്പെടുന്നതാകുന്നു.

൨. ഈ റെഗുലേഷനിൽ,

'ഉരു' എന്ന പദത്തിൽ വല്ല കപ്പലും, പടവും, വള്ളവും, ചങ്ങാടവും വല്ല പ്രകാരത്തിലും സഞ്ചരിപ്പിക്കപ്പെടുന്ന മരമൊ, മുളകളൊ, മുതലായ സാധനങ്ങളോ ഇവയും ഉൾപ്പെടുന്നതാകുന്നു.

'പുഴ' എന്നതിനു സ്വാഭാവികമായി ഉള്ളതൊ കൃത്രിമമായി ഉള്ളതൊ ആയ എന്തു ജലമാൎഗ്ഗവും ഉൾപ്പെടുന്നതാകുന്നു.

'ഉരുമാൎഗ്ഗം' എന്നതിനു ഉരു പോകുന്ന വല്ല പുഴ എന്നൊ ഉരു പോകുന്നതിനായി തുടൎച്ചയായി ഉള്ള ഒരു കൂട്ടം പുഴകൾ എന്നൊ അൎത്ഥം ആകുന്നു.

'തോട്ട' എന്നതിനു ഈ റെഗുലേഷനിലെ വ്യവസ്ഥകൾക്കു ഉൾപ്പെട്ടതായി പ്രസിദ്ധപ്പെടുത്തപ്പെട്ട ഉരുമാൎഗ്ഗം എന്നു അൎത്ഥം ആകുന്നു.

'കടവു' എന്നുവച്ചാൽ സാമാനങ്ങളേയൊ ജന്തുക്കളേയൊ യാത്രക്കാരേയൊ ഉരുക്കൾ മൂലം ആയി ഒരു പുഴയുടെ കരയിൽ നിന്നും മറു കരക്കു കടത്തി കൊണ്ടുപോകുന്ന ഒരു സ്ഥലം എന്നു അൎത്ഥം ആകുന്നു.

'സൎക്കാർ കടവു' എന്നുവച്ചാൽ ഈ റെഗുലേഷനിലെ വ്യവസ്ഥകൾക്കു ഉൾപ്പെടുന്നതായി പ്രസിദ്ധപ്പെടുത്തപ്പെട്ട ഒരു കടവു എന്നു അൎത്ഥം ആകുന്നു.

൩. ദിവാൻ, നമ്മുടെ അനുവാദത്തോടുകൂടി, നമ്മുടെ സൎക്കാർ ഗസെററിൽ പരസ്യം മൂലം, ആ പരസ്യത്തിൽ പറഞ്ഞിരിക്കുന്ന തീയതി മുതല്ക്കു വല്ല ഉരുമാൎഗ്ഗവും ഈ റെഗുലേഷനിലെ വ്യവസ്ഥകൾക്കു ഉൾപ്പെടും എന്നു പ്രസിദ്ധപ്പെടുത്തുകയും അപ്രകാരംതന്നെ ആ വക വല്ല പരസ്യത്തേയും ദുൎബ്ബലപ്പെടുത്തുകയൊ ഭേദപ്പെടുത്തുകയൊ ചെയ്കയും ആവാം.

൪. വഴിയെ ൫-ാം വകുപ്പിൽ വിവരിച്ചിരിക്കുന്ന ഉരുക്കൾ ഒഴികെ ഒരു തോട്ടിനെ ഉപയോഗിക്കുന്ന എല്ലാ ഉരുക്കളേയും രജിസ്റ്റർ ചെയ്യേണ്ടതാകുന്നു.

൫. ദിവാൻ, നമ്മുടെ അനുവാദത്തോടുകൂടി, അപ്പോഴപ്പോൾ,

(എ) ഉരുക്കളെ രെജിസ്റ്റർ ചെയ്യുന്നതിനു അടക്കേണ്ടതായ ഫീസിന്റെ നിരക്കുകൾ നിശ്ചയിക്കാം:

(ബി) ഉരുക്കളുടേയൊ ചരക്കുകളുടേയൊ ഉപയോഗത്തിനായി ഉണ്ടാക്കിയ ഏററിറക്കു യന്ത്രങ്ങളും തണ്ണീൎപന്തലുകളും പാൎശ്വവഴികളും പുരകളും പാണ്ടികശാലകളും ഉപയോഗിക്കുന്നതിനും, ആ വക സ്ഥലങ്ങളിൽ താമസിപ്പിച്ച ഉരുക്കളുടേയും ചരക്കുകളുടേയും താമസത്തിനും ഫീസ് നിശ്ചയിക്കയും ആവാം.

ഈ വകുപ്പിന്റെ (ബി) ഖണ്ഡപ്രകാരം ഉള്ള ഫീസിന്റെ വകക്കു ഒരു പരസ്യം ഇംഗ്ലീഷിലും അതാതു സ്ഥലത്തിലെ നാട്ടുഭാഷയിലും എഴുതി ആ വക ഫീസ് വസൂൽ ചെയ്യേണ്ടുന്ന സ്ഥലങ്ങളിൽ എല്ലാവൎക്കും കാണത്തക്കവണ്ണം വച്ചിരിക്കയും വേണം.

൬. നമ്മുടെ ഗവൎമ്മെന്റിനാൽ ഇതിലേക്കായി ക്രമപ്രകാരം അധികൃതനായ വല്ല ആളും,

(i) ആ തോട്ടിൽ മുങ്ങിപ്പോയതൊ, ഉപേക്ഷിക്കപ്പെട്ടതൊ ആയ വല്ല ഉരുവിനേയും അതിൽ നിന്നു നീക്കം ചെയ്കയും അങ്ങനെ ചെയ്യുന്നതിൽ വേണ്ടിവരുന്ന ചിലവിനെ

അടയ്ക്കാതിരുന്നാൽ, ആ ഉരുവിനെ ലേലത്തിൽ വില്ക്കുന്നതാണെന്നു പരസ്യമായി ൧൫ ദിവസത്തെ അറിയിപ്പു കൊടുത്തതിന്റെശേഷം, പരസ്യമായി ലേലത്തിൽ വിറ്റു ആ ചിലവിനെ ഈടാക്കുകയും ചെയ്യാം. തക്കതായ ഒരുത്തന്റെ വശം അല്ലാതെ ൩ ദിവസത്തിൽ അധികം കാലം വിട്ടുപോയ ഒരു ഉരു ഉപേക്ഷിക്കപ്പെട്ടതായി ഗണിക്കപ്പെടും.

(ii) അടിയന്തിര കാര്യത്തിൽ മറ്റു വല്ല തടസ്ഥമൊ മത്സ്യം പിടിക്കുന്നതിനുള്ള സൂത്രമൊ മറ്റു വല്ല സാധനമൊ നീക്കം ചെയ്യാം; മറ്റു കാര്യങ്ങളിൽ ഉടമസ്ഥൻ ഉണ്ടെങ്കിൽ അറിയിപ്പിൽ കാണിക്കുന്നതായ ന്യായമായ ഒരു സമയത്തിനുള്ളിൽ ആ വക വല്ല സാധനവും നീക്കം ചെയ്യാനായി അയാൾക്കു അറിയിപ്പു കൊടുക്കാം. അതിനെ അപ്രകാരം നീക്കം ചെയ്യാഞ്ഞാൽ താൻതന്നെ അതിനെ നീക്കം ചെയ്യാം. ഈ ബന്ധപ്രകാരം ചെയ്യുന്ന ചിലവിനെ ഉടമസ്ഥങ്കൽ നിന്നു ഈടാക്കേണ്ടതാകുന്നു. എന്നാൽ ആരുടെ എങ്കിലും സ്വകാര്യാവകാശങ്ങൾക്കു ബാധകം നേരിടുന്ന കാര്യങ്ങളിൽ ന്യായമായ പ്രതിഫലം എപ്പോഴും കൊടുക്കേണ്ടതാകുന്നു.

(iii) തോട്ടിൽ മത്സ്യം പിടിക്കുന്നതിനൊ മറ്റു വല്ല ആവശ്യത്തിനൊ വല്ല സൂത്രം കെട്ടി ഉണ്ടാക്കുന്നതും അതിലൊ, അതിന്റെ വശത്തു തോണിയും മറ്റും വലിക്കുന്ന ആളുകൾക്കൊ മൃഗങ്ങൾക്കൊ പോകാനുള്ള വഴിയിലൊ, അതോടു ചേർന്ന മറ്റു നിലത്തൊ വല്ലതും കെട്ടിച്ചുണ്ടാക്കുന്നതും വിലക്കാം.

(iv) ഈ റെഗുലേഷനിലെ വ്യവസ്ഥകളിൽ വല്ലതിനുമൊ ഇതു അനുസരിച്ചു ഉണ്ടാക്കപ്പെട്ട വല്ല ചട്ടത്തിനൊ, നിശ്ചയിച്ച രജിസ്റ്ററിലെ വല്ല വ്യവസ്ഥക്കൊ ലംഘനമായി തോട്ടിൽകൂടി പോകുന്ന വല്ല ഉരുവിനേയും നിറുത്തുകയും അതുപ്രകാരം നടത്തുന്നതുവരെക്കും അതിനെ പിടിച്ചു വയ്ക്കുകയും ചെയ്യാം.

ഈ വകുപ്പിൻപ്രകാരമുള്ള അധികാരങ്ങൾ പേർ പറഞ്ഞിട്ടു എങ്കിലും ഉദ്യോഗമൂലം ആയിട്ടെങ്കിലും കൊടുക്കാവുന്നതാകുന്നു.

ഈ വകുപ്പു അനുസരിച്ചു ക്രമപ്രകാരം അധികൃതന്മാർ ആയ എല്ലാ ആളുകളും തിരുവിതാംകോട്ടു ശിക്ഷാനിയമത്തിന്റെ അർത്ഥത്തിൽ ഉൾപ്പെട്ട സർക്കാർ ജീവനക്കാരായി ഗണിക്കപ്പെടുന്നതാകുന്നു.

൭. ദിവാൻ, നമ്മുടെ അനുവാദത്തോടുകൂടി, ഗസറ്റിൽ പരസ്യംമൂലം, അതിൽ പറയുന്ന തീയതി മുതൽക്കു വല്ല കടവും ഈ റെഗുലേഷനിലെ വ്യവസ്ഥകൾക്കു ഉൾപ്പെടും എന്നു പ്രസിദ്ധപ്പെടുത്തുകയും ആ വക കടവിന്റെ അതിരുകളെ വിവരിക്കയും ചെയ്യാം. ദിവാൻ, നമ്മുടെ അനുവാദത്തോടുകൂടി, ആ വക വല്ല പരസ്യത്തേയും അപ്പഴപ്പഴ തന്നെ ദുർബലപ്പെടുത്തുകയൊ ഭേദപ്പെടുത്തുകയൊ ആവാം.

൮. ആ തീയതി മുതൽക്കു പരസ്യത്തിൽ വിവരിച്ച അതിർത്തികൾക്കുള്ളിൽ മുമ്പുള്ള സകല കടവവകാശങ്ങളും നിന്നുപോകയും അവസാനിക്കയും ചെയ്യും. ആ പരസ്യം പ്രബലപ്പെട്ടിരിക്കുന്ന കാലത്തു ക്രമപ്രകാരം അധികൃതൻ അല്ലാത്ത യാതൊരുത്തൻ എങ്കിലും ഉരുക്കൾമൂലം ആ അതിർത്തികൾക്കകത്തുള്ള പുഴ കടത്തി ചരക്കുകളേയൊ മൃഗങ്ങളേയൊ യാത്രക്കാരേയൊ കൊണ്ടുപോകുന്നതു ന്യായവിരുദ്ധം ആയി ഇരിക്കുന്നതും ആകുന്നു. എന്നാൽ ഈ വകുപ്പു അനുസരിച്ചു കടവവകാശങ്ങൾ അന്തരിക്കുമ്പോൾ അപ്രകാരം അന്തരിച്ചതിനു പ്രതിഫലം കൊടുക്കുകയും ആ പ്രതിഫലം കഴിയുന്നെടത്തോളം സർക്കാർ കാര്യങ്ങൾക്കായി ഭൂമി എടുക്കുന്നതിനെ സംബന്ധിച്ചു തല്ക്കാലം നടപ്പിൽ ഇരിക്കുന്ന വല്ല നിയമവും പ്രകാരം കണക്കാക്കുകയും വേണം.

൯. ദിവാൻ, നമ്മുടെ അനുവാദത്തോടുകൂടി, സർക്കാർ കടവുകൾ വക കാര്യങ്ങൾ നടത്തുന്നതിലേക്കു ചട്ടങ്ങൾ വ്യവസ്ഥചെയ്യാം. അല്ലെങ്കിൽ ചരക്കുകളേയോ മൃഗങ്ങളേയോ യാത്രക്കാരേയോ ഒരു സർക്കാർ കടത്തു സ്ഥലത്തിൽ ഉരുക്കൾ മൂലം പുഴകടത്തിക്കൊണ്ടു പോകാൻ വല്ല ആൾക്കും അധികാരം കൊടുക്കാം. ആ വക ആൾ അങ്ങിനെ ഉപയോഗിക്കുന്ന എല്ലാ ഉരുക്കൾക്കും അനുവാദപത്രം വാങ്ങിക്കേണ്ടതാകുന്നു. ദിവാൻ, നമ്മുടെ അനുവാദത്തോടുകൂടി ആ വക അനുവാദ പത്രത്തിനു അടക്കേണ്ട ഫീസും ആ വക ഓരോ കടവിലും കടത്തിക്കൊണ്ടു പോകുന്ന യാത്രക്കാർക്കും മൃഗങ്ങൾക്കും വാഹനങ്ങൾക്കും ചരക്കുകൾക്കും വസൂലാക്കേണ്ട ചുങ്കങ്ങളും നിശ്ചയിക്കയും ചെയ്യാം. എന്നാൽ പാഠശാലകളിൽ പോകയോ അവിടെ നിന്നു തിരിയെ വരികയോ ചെയ്യുന്ന വാദ്ധ്യാർമാരോ വിദ്യാർത്ഥികളോ അയ്യുള്ളേയോ സർക്കാർ ജോലിക്കായി യാ

ന്നുചെയ്യുന്ന സക്കാർ ജീവനക്കാർ അയ്യുള്ളവരോ യാത്രക്കാർ ചുങ്കത്തിൽ ചുമത്തിക്കൂടാ. വക ചുങ്കങ്ങളുടെ ഒരു പട്ടിക ഇംഗ്ലീഷിലും അതാതു സ്ഥലത്തിലെ നാട്ടുഭാഷയിലും എഴുതി കടവിന്റെ ഇരു കരയിലും എല്ലാവരും കാണത്തക്കവണ്ണം വച്ചിരിക്കേണ്ടതാകുന്നു.

൧൧. ദിവാൻ നമ്മുടെ അനുവാദത്തോടുകൂടി ൧൦-ാം റെഗുലേഷൻ അനുസരിച്ചു അടക്കേണ്ടുന്ന ചുങ്കവും ഫീസും പിരിക്കുന്നതിനു ആളുകളെ നിയമിക്കാം. അനുവാദപത്രത്തിനുള്ള ഫീസും രെജിസ്ട്രേഷൻ ഫീസും അല്ലാതെ ഉള്ള അ വക ചുങ്കങ്ങളും ഫീസും പിരിക്കുന്നതിനു ദിവാൻ, നമ്മുടെ അനുവാദത്തോടുകൂടി, അതാതു കാലം നിശ്ചയിക്കുന്ന വ്യവസ്ഥകൾക്കു ഉൾപ്പെട്ടു പാട്ടമായി ഏൽപ്പിക്കാം. അങ്ങിനെ ചെയ്യുന്ന പക്ഷം പാട്ടക്കാരനേയും അവരുടെ കാര്യസ്ഥന്മാരേയും പണിക്കാരേയും ഈ പ്രകാരം നിയമിക്കപ്പെട്ടവരായി ഗണിക്കയും വേണം.

൧൨. ൧൦-ാം റെഗുലേഷൻ പ്രകാരം അടക്കേണ്ടുന്ന വല്ല ചുങ്കമോ അനുവാദപത്ര ഫീസും രെജിസ്ട്രേഷൻ ഫീസും അല്ലാതെ മറ്റു ഫീസോ, അതു പിരിക്കുന്നതിനോ വസൂലാക്കുന്നതിനോ ക്രമപ്രകാരം നിയമിക്കപ്പെട്ടവനോ അധികാരപ്പെടുത്തപ്പെട്ടവനോ ആയ ഒരാൾ ചോദിക്കുമ്പോൾ കൊടുക്കാതിരുന്നാൽ അയാൾ ആ വക ചുങ്കമോ ഫീസോ അടക്കേണ്ടതായ വല്ല ഉരുവിനേയോ ചരക്കുകളേയോ വാഹനങ്ങളേയോ മൃഗങ്ങളേയോ അല്ലെങ്കിൽ ആ വക ചുങ്കത്തിനോ ഫീസിനോ ഉൾപ്പെട്ടിരിക്കുന്ന യാത്രക്കാരന്റേയോ ആളുടേയോ കൈവശം ഉള്ള വല്ല സാധനത്തേയോ പിടിച്ചുവെക്കാം; ഇതിലേക്കായി നമ്മുടെ ഗവർമ്മേണ്ടിനാൽ അധികൃതൻ ആയ വല്ല ആളും ആയതിനെ വിറ്റുകളയും എന്ന പരസ്യമായി ൧൫ ദിവസത്തിന്റെ അറിയിപ്പു കൊടുത്തതിന്റെ ശേഷം ആ വക ചുങ്കമോ ഫീസോ പിന്നെയും അടക്കാത്ത പക്ഷം അതിനെ ലേലത്തിൽ വില്ക്കുകയും ചെയ്യാം. അങ്ങിനെ വിറ്റുണ്ടായ മുതലിൽ നിന്നു ആ ചുങ്കമോ ഫീസോ ഇളം, വിൽക്കാൻ ഉണ്ടായ ചിലവും കഴിച്ചതിന്റെ ശേഷം ബാക്കി വല്ലതും ഉണ്ടെങ്കിൽ അതിനെ, ആ വിറ്റ മുതൽ ആരുടെ കൈവശത്തിൽ നിന്നു എടുത്തുവോ അയാൾക്കു കൊടുക്കയും വേണം.

൧൩. കടവു വകയായ എല്ലാ പാട്ടങ്ങളും ൧൦-ാം വകുപ്പനുസരിച്ചു ഉണ്ടായിട്ടുള്ള എല്ലാ ചിലവുകളും അതാതു സ്ഥലത്തിലെ ഡിവിഷൻ പേഷ്കാർ കരക്കുടിശ്ശിഖ എന്നപോലെ വസൂൽ ആക്കാവുന്നതാകുന്നു.

൧൪. ൪-ാം റെഗുലേഷൻ അനുസരിച്ചു, കൊടുക്കുന്ന എല്ലാ അനുവാദ പത്രങ്ങളും, ചെയ്യുന്ന എല്ലാ രെജിസ്ട്രേഷനും ദിവാൻ അതാതു കാലം ആജ്ഞാപിക്കാവുന്ന മാതിരിയിലും, അതാതു കാലം ആജ്ഞാപിക്കാവുന്ന വ്യവസ്ഥകൾ അടങ്ങിയവയും വ്യവസ്ഥകൾക്കു ഉൾപ്പെട്ടവയും ആയിരിക്കേണ്ടതാകുന്നു. ൪-ാം റെഗുലേഷൻ അനുസരിച്ചു കൊടുക്കപ്പെടുന്ന എല്ലാ ലൈസൻസുകളും ദിവാൻ അതാതു കാലം ആജ്ഞാപിക്കാവുന്ന കാലത്തേക്കു സാധുവായിരിക്കുന്നതാകുന്നു

൧൫. ദിവാൻ നമ്മുടെ അനുവാദത്തോടുകൂടി വല്ല തോട്ടിന്റേയോ സക്കാർ കടവിന്റേയോ വകക്കു താഴെ പറയുന്ന കാര്യങ്ങളിൽ എല്ലാറ്റിനുമോ വല്ലതിനുമോ ചട്ടങ്ങൾ ഉണ്ടാക്കാം:—

(i) ൪-ാം റെഗുലേഷൻ അനുസരിച്ചു നിയമിക്കപ്പെടുന്ന വല്ല ആളും നടത്തേണ്ട അധികാരങ്ങളെ അറിയിക്കാനും;

(ii) ഉരുക്കൾ രെജിസ്റ്റർ ചെയ്യുന്നതിനും അവയ്ക്കു അനുവാദ പത്രങ്ങൾ കൊടുക്കുന്നതിനും രെജിസ്റ്റർ ചെയ്യപ്പെട്ടതോ അനുവാദപത്രം ഉള്ളതോ ആയ ഉരുക്കളെ ചെന്നു പരിശോധിക്കുന്നതിനും അവയെ നല്ല സ്ഥിതിയിൽ വെപ്പിക്കുന്നതിനും വ്യവസ്ഥ ചെയ്യാനും;

(iii) വല്ല തോട്ടിനേയോ സക്കാർ കടവിനേയോ ഉപയോഗിക്കുന്ന ഉരുക്കളുടെ വലിപ്പവും വെള്ളനിരപ്പിനു മേലുള്ള പൊക്കവും അതിന്റെ കോപ്പുകളും അതിൽ കൊണ്ടുപോകുന്ന യാത്രക്കാരുടെ എണ്ണവും ചരക്കുകളുടെ പ്രകൃതവും തൂക്കവും ക്രമപ്പെടുത്തുന്നതിനും;

(iv) ഉരുക്കൾ പോകേണ്ടും വേഗവും, ഉരുക്കൾ കടന്നുപോകലും, പൊയ്ക്കൊണ്ടിരിക്കുന്നതോ നങ്കൂരം ഇട്ടിരിക്കുന്നതോ ആയ ഉരുക്കളിൽ വെക്കേണ്ടുന്ന വെളിച്ചങ്ങളും, ചീപ്പുപ്രവൃത്തിയും, ഉരുക്കൾ നങ്കൂരം ഇട്ടുപിടിക്കലും, തുറകളും ഏററിറക്ക യന്ത്രങ്ങളും തരസ്ഥാനങ്ങളും പാർശ്വവഴികളും പുരകളും പാണ്ടികശാലകളും മററും ഉപയോഗിക്കലും, ക്രമപ്പെടുത്തുവാനും;

(v) ഈ റെഗുലേഷൻപ്രകാരം അടക്കി എടുത്തതോ പിടിച്ചതോ ആയ ഉരുക്കൾ കൊണ്ടോ മററു സാധനങ്ങൾ കൊണ്ടോ എന്തുചെയ്യണം എന്നു നിയമിക്കാനും;

(vi) യാത്രക്കാൎക്കു സുഖം ഉണ്ടാക്കുവാനും, സാധാരണയായി ഈ റെഗുലേഷനിലെ ആവശ്യങ്ങൾ നിവൃത്തിപ്പാനും.

൧൩. ഈ റെഗുലേഷൻ പ്രകാരം ഉണ്ടാക്കിയ വല്ല ചട്ടവും ലംഘിച്ചവനെ, ഒരു ക്രിമിനൽ കോൎട്ടുമുമ്പാകെ കുററം സ്ഥാപനമായാൽ, ഒരു ഒററ കുററത്തിന്റെ കാൎയ്യത്തിൽ അമ്പതു രൂപായിൽ കവിയാത്ത പിഴ കൊണ്ടും, ഒരു കുററം ചെയ്തുകൊണ്ടുതന്നെ ഇരിക്കുന്ന പക്ഷത്തിൽ ആ കുററം ചെയ്തുകൊണ്ടു ഇരിക്കുന്ന ഓരോ ദിവസത്തിനു പത്തു രൂപായിൽ കവിയാത്ത പിഴകൊണ്ടും ശിക്ഷിക്കുകയും ചെയ്യും. എന്നാൽ കുററം മനുഷ്യജീവിതത്തിനു അപായം വരുത്തുന്നതാണെങ്കിൽ ശിക്ഷ ഒരു കൊല്ലത്തോളം വരാകുന്ന രണ്ടിൽ ഏതു വിധം എങ്കിലും ആയ തടവോളമോ ൫൦൦ രൂപാ പിഴയോളമോ ഇവ രണ്ടും കൂടിയതോളമോ ആയിരിക്കാം.

൧൪. ഈ റെഗുലേഷനിൽ ഒ൯മതത്തെ വകുപ്പിനു വിരുദ്ധം ആയി ഒരു തോട്ടിൽക്കൂടി ഉരു കൊണ്ടുപോകുന്ന യാതൊരു ആളും ഒരു ക്രിമിനൽകോൎട്ടു മുൻപാകെ കുററസ്ഥാപനം ആയാൽ ൫൦ രൂപാക്കു കവിയാത്ത പിഴ വിധിക്കപ്പെടുന്നതിനു പാത്രം ആകും. ഈ റെഗുലേഷനിൽ എട്ടാമത്തെ വകുപ്പിനു വിരുദ്ധമായി ഒരു കടവു സ്ഥാപിക്കയോ നടത്തുകയോ ചെയ്യുന്ന യാതൊരു ആളും ഒരു ക്രിമിനൽകോൎട്ടു മുമ്പാകെ കുററസ്ഥാപനം ആയാൽ അഞ്ഞൂറു രൂപാക്കു കവിയാത്ത പിഴ വിധിക്കപ്പെടുന്നതിനു പാത്രം ആകയും ചെയ്യും.

൧൫. ഈ റെഗുലേഷൻ പ്രകാരം അടക്കേണ്ടതായ വല്ല ചുങ്കമോ ഫീസോ കൊടുക്കാൻ കൂട്ടാക്കാതിരിക്കുകയോ കൊടുക്കാതെ കബളിപ്പിക്കുകയോ അല്ലെങ്കിൽ ഈ റെഗുലേഷൻ പ്രകാരം എന്ന ഭാവനയിന്മേൽ ക്രമപ്രകാരം ഉള്ള അധികാരം കൂടാതെ വല്ല ചുങ്കമോ ഫീസോ വസൂലാക്കുകയോ അല്ലെങ്കിൽ ഈ റെഗുലേഷൻ പ്രകാരം ചുങ്കമോ ഫീസോ പിരിക്കാൻ അധികാരപ്പെടുത്തിയിരിക്കെ ന്യായമായി വരേണ്ടതിൽ അധികം സംഖ്യ പിരിക്കുകയോ വാങ്ങുകയോ ചെയ്യുന്ന യാതൊരുത്തനേയും ഒരു ക്രിമിനൽ കോൎട്ടുമുമ്പാകെ കുററസ്ഥാപനം ആയാൽ, ഒരു മാസത്തിൽ കവിയാത്ത രണ്ടിൽ ഏതെങ്കിലും വിധം തടവിനാലോ ൨൦൦ രൂപായിൽ കവിയാത്ത പിഴയാലോ രണ്ടിനാലും കൂടിയോ ശിക്ഷിക്കുകയും ചെയ്യും.

൧൬. ഈ റെഗുലേഷൻ പ്രകാരം വല്ല കുററവും സ്ഥാപനം ആയാൽ കോൎട്ടു ആ കുററം ചെയ്യുന്നതിൽ ഉപയോഗപ്പെടുത്തിയ വല്ല ഉരുവോ മററു സാധനമോ അടക്കി എടുക്കാൻ ആജ്ഞാപിക്കുകയും ആവാം.

൧൭. ഈ റെഗുലേഷനിലെ വ്യവസ്ഥകൾ താഴെ വിവരിച്ചിരിക്കുന്ന ഉരുക്കൾക്കു സംബന്ധിക്കുന്നതല്ല:—

(a) തിരുവിതാംകോട്ടു ഗവൎമ്മെണ്ടു വക ഉരുക്കൾ;

(b) ബ്രിട്ടീഷ് ഗവൎമ്മെണ്ടു വക ഉരുക്കൾ;

(c) കൊല്ലത്തോ ആലപ്പുഴയിലോ അറാകുററം തീൎക്കാൻ ആയി കൊണ്ടുവരപ്പെട്ട വിദേശീയങ്ങൾ ആയ കടൽയാത്ര ചെയ്യുന്ന ഉരുക്കൾ;

(d) കടലിൽ ഉപയോഗിക്കുന്ന മീൻപിടിക്കുന്നതിനുള്ള വള്ളങ്ങൾ:

(e) ക്ഷേത്രങ്ങൾക്കു ചേൎന്ന ചുണ്ടൻ വള്ളങ്ങൾ;

(f) ഒരു ടൺ ഭാരത്തിനു കുറവായ ഉരുക്കൾ;

(g) നമ്മുടെ ദിവാൻ അതാതു കാലം ഒഴിവാക്കാവുന്ന മററു ഉരുക്കൾ.



TRAVANCORE GOVERNMENT GAZETTE.

TRIVANDRUM, TUESDAY, $\frac{\text{October 29, 1907.}}{\text{Thulam 13, 1083.}}$

EDUCATIONAL DEPARTMENT.

NOTICE.

It is hereby notified that as the certificate issued from this Office under date the 26th March 1907 to A. Muthuswami Asari, student, Form V, H. H. the Maharajah's High School, Kottar, who passed the Travancore Middle School Examination, held in December 1906, with Register No. 1935, is reported to be lost, the same is cancelled and a fresh certificate issued under date the 19th October 1907.

Office of the Superintendent of Service Examinations, Trivandrum, 19th October, 1907.

A. J. VIEYRA,
Superintendent of Service Examinations.

Notice.

In modification of the Notification dated 7th October 1907, published in the Travancore Government Gazette of October 15, 1907, page 206 (Educational Sheets), it is hereby notified that the Written Tests for the Teachers' Normal Certificate Examinations will be held on Saturday $\frac{\text{2nd November 1907}}{\text{17th Thulam 1083}}$ and the following Monday instead of on Friday $\frac{\text{1st November 1907}}{\text{16th Thulam 1083}}$ and the following day, as previously fixed. The Hall Tickets will be distributed to the candidates at 10 A. M. on Wednesday $\frac{\text{30th October 1907}}{\text{14th Thulam 1083}}$.

Office of the Superintendent of Service Examinations, Trivandrum, 25th October 1907.

A. J. VIEYRA,
Superintendent of Service Examinations.



TRAVANCORE GOVERNMENT GAZETTE.

TRIVANDRUM, TUESDAY, — October 29, 1907. / Thulam 13, 1083.

FOREST DEPARTMENT.

Leave of Absence.

Mr. T. S. Venugopala Iyer, Deputy Conservator of Forests, is granted 5 days' casual and 12 days' special casual leave in continuation with effect from the 17th Avani 1083.

വനംവക ഡിപ്യൂട്ടികൺസർവേറ്റർ മിസ്റ്റർ വേണുഗോപാലയ്യർക്കു ൧൦൮൩ ചിങ്ങം ൧൭-നു മുതൽ ൫ ദിവസത്തെ കാഷ്വൽ അവധിയും ൧൨ ദിവസത്തെ സ്പെഷ്യൽ കാഷ്വൽ അവധിയും കൊടുത്തിരിക്കുന്നു.



TRAVANCORE GOVERNMENT GAZETTE

TRIVANDRUM, TUESDAY, October 29, 1907. / Thulam 13, 1083.

EXCISE DEPARTMENT.

Notice to Mariners.

India, Malabar Coast, Alleppey.

Mariners are informed that the Red and Black Buoys marking the Roadstead at Alleppey have been replaced, and their positions are as follow :—

Bearing Red (northern) Buoy from Lighthouse		S. 81° W.
Do. Black (southern)	do.	S. 56° W.
Depth of water	4½ fathoms.	

Ordinarily the proper anchorage will be between the Buoys. But as the mud-bank shifts frequently, the depth of water given is not reliable, and so the lead has to be used when approaching the port.

Assistant Excise Commissioner's Office,
Alleppey, 4th October 1907.

K. N. EIPPA.
Assistant Excise Commissioner & Port Officer.

NOTICE TO MARINERS

INDIA.

West Coast, Colachel.

The Patna Rock Red Buoy has been replaced in position. The Buoy is fixed in 6½ Fathoms of water due south of the Port Flagstaff.

A. J. VAN ROSS,
Master Attendant.

Master Attendant's Office,
Colachel.
12th October 1907.

NOTICE.

The contract for the supply of coolies for the conveyance of salt from the Alleppey Port Salt Depot to the boats at the landing ghauts both on account of Government and the public for the current year 1083 will be *sold by public auction by the Assistant Excise Commissioner*, Alleppey.

2. The auction sale will take place at the Office of the Assistant Excise Commissioner, Alleppey, at 2 P. M. on Wednesday the 13th November 1907/28th Thulam 1083, when intending bidders should be present either in person or by duly authorised agents.

3. Each bidder will be required to make a deposit of Rs. 10 as earnest money before the commencement of the auction sale and none but those who have made the deposit will be permitted to compete.

4. In the case of unsuccessful bidders the deposits will be returned as soon as possible after the auction is over. In the case of the successful bidder it will be retained as security against defaults until the required security is furnished and the agreement entered into within a week from the date of confirmation of the auction sale before the Assistant Excise Commissioner, Alleppey, on an eight annas stamp paper provided by him.

5. In addition to the forfeiture of the deposit the party who fails to execute the agreement or to fulfil the terms of the agreement will be held liable for all losses that Government may sustain in consequence of such default but shall not be entitled to any profit that may accrue from the resale of the contract.

6. The transport charges of the salt bags conveyed on account of merchants will be paid by them to the contractor at the same rate at which he is paid by the employees of the Bankshalls for the salt conveyed on account of Government.

7. A sum of Rs. 100 including the earnest money referred to in clause 3 *supra* will have to be deposited as security by the successful bidder for the due fulfilment of the contract before the agreement is entered into.

8. The confirmation of the auction sale in the name of the lowest bidder rests with the Government who reserve to themselves the right of rejecting all or any of the bids without assigning any reason or of making such arrangements as may be deemed proper.

9. The successful bidder is bound to arrange for the conveyance of the salt bags till a fresh contractor is engaged, after the expiry of the term of his contract.

10. None but the employees of the contractor will be allowed to enter the Depot for the purpose of carrying salt bags.

11. A list of them will be furnished by the contractor when he begins his business and a register of them will be maintained by the Depot Officer. When he dispenses with the services of any, due notice will be given by the contractor to the Depot Officer and he will make the necessary entries in the register.

12. When the contract has been satisfactorily carried out, the security deposit will be returned.

13. Any further information can be had on application to the undersigned or to the Assistant Excise Commissioner, Alleppey.

Excise Commissioner's Office,
Trivandrum,
3rd October 1907.

T. PONNAMBALAM PILLAI,
Excise Commissioner.

NOTICE.

Tenders are invited for the supply of the following articles required for the Travancore Excise Department for 1083 M. E. (1907—1908).

2. Tenders should be sealed with wax and superscribed "Tender for the supply of articles for Travancore Excise Department". They should be addressed to the Excise Commissioner, Travancore, Trivandrum, and posted in time to reach him before noon on the 17th December 1907. Tender received after that time will be rejected.

3. The tender may be for all or any of the articles specified in the list. Every tender should be accompanied by a sample of the articles tendered for which also should reach the Excise Commissioner before noon on the 17th December 1907. The price offered should include all charges till delivery at the Excise Commissioner's Office, Trivandrum.

4. The tender will be opened at the Commissioner's Office at 12 noon on the 18th December in the presence of such of the tenderers or their agents as may be in attendance.

5. All tenders for articles over a thousand Rupees in value should be accompanied by a deposit of Rs. 100 in cash or in Currency Notes as earnest money, this deposit to be forfeited in case the contractor fails to accept the contract tendered for.

6. Those whose tenders are accepted will be required to make within 20 days of acceptance of the tender a deposit equal to 10 per cent. of the value of the articles to be supplied and execute an agreement binding themselves to fulfil the terms of the contract.

7. It is open to the Excise Commissioner to increase or reduce the quantity of any article before the agreement is executed by not more than 25 per cent.

8. The tender accepted will be subject to the approval of Government.

9. Samples will not be paid for but will be returned on application accompanied by a remittance to pay forwarding charges. Those sent with accepted tenders will be retained in the Commissioner's Office for comparison with the articles supplied and no article will be accepted unless it is fully equal to the sample.

10. The delivery should commence on or before 1st May and be completed by the 1st July 1908. For every day's delay beyond this time a fine of Rs. 5 a day will be inflicted.

11. No advance will be made, but accepted consignments will be paid for within twenty days of the receipt of the articles.

12. If any contractor fails to fulfil any part of his engagements, his deposit will be forfeited and it shall be open to the Excise Commissioner to cancel the whole of the unfulfilled portion of the contract and hold the defaulter responsible for any losses which may arise from a resale of the contract either by public auction or private engagement at the Commissioner's discretion. The defaulting contractor will not be entitled to any profits arising from such resale.

13. The deposit referred to in para 6 will be returned only on fulfilment of the entire contract.

14. The Excise Commissioner reserves to himself the right of rejecting all or any of the tenders without assigning a reason.

15. Any order of the Excise Commissioner is liable to be appealed against to the Dewan.

T. PONNAMBALAM PILLAI,
Excise Commissioner.

Excise Commissioner's Office,
Trivandrum, 25th October 1907.

No.	Descriptions.	Quantity.
1	Tunic blue check suits or something nearing Wigan Blue drill ...	2750
2	Do. Do. for Europeans	10
3	Boots	50
4	Helmets	5
5	Purple Madura cloth	2750 yds.
6	Leather belts with frog	260
7	Chevron Gold single	25
8	Do. Do. double	20
9	Do. Do. treble	15
10	Do. Do. shank	60
11	Do. Red flannel single...	60
12	Do. Do. double	40
13	Silk purple sash without frig	60
14	Shanks white metal	240
15	Do. brass	200
16	Buttons white metal	1500
17	Gold lace narrow	[illegible]
18	Whistle and chain	250
19	Blue cotton putties	25 pairs.
20	Numbers in brass	1400

N. B.——1. To be stitched J. and P. neat cotton.
5. Full piece required with weight, trade marks and manufacturer's name—30 inches breadth.
16. With inscription "Travancore Excise Department" and shank in the centre.

Notice

Is hereby given that the term of one year's contract for the transport of salt from the Quilon Port Salt Depot to the Railway Station and from the Railway Station Punalore to the Salt Bankshall Konni having expired, the said contract will be put up in auction at the under-mentioned places and dates under the following conditions.

The contract will be given to the lowest bidder subject to the confirmation of the same by the Excise Commissioner.

Each bidder will be required to make a deposit of British Rupees ten before the commencement of the sale, and none but those who have made this deposit will be permitted to compete.

In the case of unsuccessful bidders the deposits will be returned after the auction is completed. In the case of successful bidders they will be retained as security against defaults until the required security is furnished and the agreement entered into on stamped paper.

Any further information can be obtained on application to the undersigned.

Names of Places.	Places and dates of auction.		
		Month.	Date.
Port Depot to Quilon Ry. Station ...	Circle Office ...	Thulam ...	25.
Punalore Station to Konni S. B. ...	Punalore	Do.	28.

Quilon,
28—2—83.

W. P. VIEYRA,
Circle Officer.

കൊല്ലം സക്കിൾ ആഫീസിൽ നിന്നും

പരസ്യം ചെയ്യുന്നതു എന്തെന്നാൽ

കോന്നി പണ്ടകശാലയിൽ വിററു മുതൽ വകുക്കു കൊല്ലം ക്രൂട്ടചന്തിരത്തിൽ നിന്നും ഏറ്റുകുന്ന ഉപ്പു ചാക്കുകളെ ക്രൂട്ടചന്തിരത്തിൽ നിന്നും ചുമന്ന വണ്ടികയററി കൊല്ലം റെയിൽവെ സ്റ്റേഷനിൽ കൊണ്ടു ചെന്നു ട്രക്കിൽ കയററി കൊടുക്കുന്നതിനും പുനലൂർ റെയിൽവെ സ്റ്റേഷനിൽ ട്രക്കിൽ നിന്നും വണ്ടികളിൽ കയററി കോന്നി പണ്ടകശാലയിൽ കൊണ്ടു ചെന്നു ഇറക്കി പണ്ടകശാലയ്ക്കകത്തു അട്ടി കെട്ടി കൊടുക്കുന്നതിനും ഇപ്പോൾ ഏല്പിച്ചിട്ടിരിക്കുന്ന കുത്തകയുടെ കാലാവധി തീർന്നിരിക്കകൊണ്ടു മേൽ കുത്തകയ്ക്കു ആളെപ്പെടുത്തുവാൻ താഴെ വിവരിക്കുന്ന ക്രമം അനുസരിച്ചു അതാതു സ്ഥലങ്ങളിൽ വച്ചും തിയതികളിലായും ലേലം വിളിപ്പിക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നു.

കുത്തക കുറഞ്ഞ തുകയ്ക്കു വിളികൊള്ളുന്നവർക്കു കൊടുക്കുന്നതും ആയതു എക്സൈസ് കമിഷണരാൽ സ്ഥിരപ്പെടുത്തേണ്ടതും ആണ്.

ലേലം തുടങ്ങുന്നതിനു മുമ്പായി ലേലത്തിൽ ചേരാനുള്ളവർ ഓരോരുത്തരും പത്തു രൂപാ അഡ്വാൻസു വെക്കേണ്ടതും അങ്ങനെ വെക്കാത്തവരെ ലേലത്തിൽ ചേർക്കുന്നതല്ലാത്തതുമാകുന്നു.

ലേലം കഴിഞ്ഞാൽ ഉടൻ അഡ്വാൻസു വച്ചിട്ടുള്ളതിൽ ഉടമ്പടി ഏററിട്ടില്ലാത്തവരുടെ രൂപാ തിരിച്ചു കൊടുക്കുന്നതും ഉടമ്പടി ഏററിട്ടുള്ളവരുടെ തുക അവർ ഡെമണി കെട്ടി വച്ചു ശരിയായ മുദ്രപ്പത്രം ഹാജരാക്കി ലേലം സ്ഥിരപ്പെടുത്തുന്ന അംഗീകരിച്ചു ഉടമ്പടി എഴുതി വെക്കുന്നതിന്റെ ഉറപ്പിലേക്കായി ഈടു വച്ചുകൊള്ളുന്നതുമാകുന്നു.

കൂടുതൽ വിവരങ്ങൾ ഈ ആഫീസിൽ നിന്നും അറിയാവുന്നതുമാണ്.

൧൦൮൩ മാണ്ടു കന്നിമാസം ൨൮നു-

ഡബ്ലിയു. പി. വിയറാ,
കൊല്ലം സക്കിൾ ആഫീസർ.

സ്ഥലങ്ങളുടെ പേരു	ലേലം ചെയ്യുന്ന	
	സ്ഥലം	തിയതി
കൊല്ലം ക്രൂട്ടചന്തിരത്തിൽ നിന്നും കൊല്ലം റെയിൽവെ സ്റ്റേഷനിലേക്കു	സക്കിൾ ആഫീസ	൨൫-൩-൮൩
പുനലൂർ റെയിൽവെ സ്റ്റേഷനിൽ നിന്നും കോന്നി പണ്ടകശാലയ്ക്കു	പുനലൂർ	൨൮-൩-൮൩



TRAVANCORE GOVERNMENT GAZETTE.

TRIVANDRUM, TUESDAY, October 29, 1907. / Thulam 13, 1083.

POLICE DEPARTMENT.

Statement of Cases handled by the Police to the end of the 4th quarter of

Divisions.	Serial Number.	Taluk.	Total No. of cases reported.	Cases otherwise disposed of: Accidental Deaths.	Accidental Fires.	Non-cognizable.	Transferred to U. D. list.	Transferred to other files.	Other occurrences.	Balance.
1	2	3	4	5	6	7	8	9	10	11
Southern Division.	1	Cantonment ...	243	6	2	67	2	...	22	124
	2	Fort Station ...	287	9	9	55	...	...	10	208
	3	Puthenchantha ...	247	7	5	52	1	...	8	171
	4	Trivandrum Taluk ...	135	11	2	29	1	...	2	90
	5	Tovala ...	109	5	13	4	1	...	3	84
	6	Aramboly Frontier ...	5	...	...	...	...	...	...	5
	7	Agastiswaram ...	70	1	6	7	...	...	4	46
	8	Kottar Town ...	133	9	1	10	...	2	3	108
	9	Eraniel ...	105	17	19	36	1	...	5	107
	10	Kalkulam ...	212	7	14	35	...	...	9	147
	11	Vilavancode ...	100	10	4	22	1	...	...	68
	12	Neyyattinkara ...	377	24	8	82	2	1	14	247
	13	Chirayinkil ...	151	15	5	17	1	...	1	112
	14	Nedumangad ...	132	17	5	18	1	...	6	85
		Total	2349	144	97	422	13	3	96	1583
Quilon Division.	15	Quilon Town ...	200	3	6	37	1	1	1	151
	16	Quilon Taluk ...	180	24	...	38	...	...	1	118
	17	Kottarakara ...	96	12	2	11	1	...	...	70
	18	Pattanapuram ...	60	33	...	11	...	...	1	71
	19	Kunnathur ...	67	9	2	7	...	1	3	45
	20	Shencottah ...	97	11	12	16	1	...	6	51
	21	Karunagapalli ...	155	17	...	27	...	...	9	109
	22	Kartigapalli ...	321	38	2	82	...	...	5	193
	23	Mavelikara ...	110	11	2	6	3	1	...	93
	24	Chengannur ...	168	38	3	30	...	...	6	92
	25	Thiruvallah ...	190	57	3	9	1	1	1	118
	26	Ambalapuzha ...	144	21	5	32	1	...	1	91
	27	Alleppey Town ...	138	26	9	18	2	...	3	80
		Total	2007	250	80	297	10	4	30	1310
Kottayam Division.	28	Kottayam ...	177	16	...	31	...	...	17	113
	29	Changanacherry ...	229	38	1	43	3	1	10	131
	30	Peermade ...	59	6	4	15	1	...	2	31
	31	Ettumanur ...	120	16	1	21	1	...	...	81
	32	Muvattupuzha ...	211	38	9	28	...	1	3	132
	33	Thodupuzha ...	62	10	2	8	1	1	...	40
